ˀ

# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 191

09.12.2014 ൽ മറുപടിയ്ക്ക്

## പബ്ലിക് റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള [ഇപ്പോൾ $1^1/_2$ ലക്ഷം രൂപ (ഒന്നര ലക്ഷം രൂപ) മുതലും അതിന്റെ പലിശയും] വായ്പ ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതാണ്. അതോടൊപ്പം മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ മുതൽ ഇനത്തിൽ പരമാവധി 75,000/- രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് സഹകരണ വകുപ്പ് മന്ത്രി അധ്യക്ഷനായ കേരള |

| | | |
|---|---|---|
| | | സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളത്; | (സി) മരണപ്പെട്ട വായ്പക്കാരുടെ വായ്പ തുക എഴുതിത്തള്ളിയ ഇനത്തിലും മാരക രോഗം ബാധിച്ച വായ്പക്കാർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 30.11.2014 വരെ 13,734 വായ്പക്കാർക്കായി 88.12 കോടി രൂപ റിസ്ക് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**